# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി ഒ), കാസറഗോഡ് ജില്ല, പിൻ671314-, കേരളം

ഫോൺ2280616 467 91 ,2282699 467 91 :, E-mail: coapad@kau.in


**നമ്പർ. COAPAD/3365/2025-C2** **തീയതി: 21-11-2025**

**ടെൻഡർ നോട്ടീസ്**

പടന്നക്കാട് കാർഷിക കോളേജിലേക്ക് പാക്കിംഗ് മെറ്റീരിയിൽ ലഭ്യമാക്കുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം | ഇനം | അളവ് | ആവശ്യമായവ (ഏകദേശം) |
|---|---|---|---|
| 1. | പോളിബാഗ് (RP Black) | 6"x8" | 200 Kg |
| | | 4"x6" | 100 Kg |
| | | 13"x16" | 50 Kg |
| 2. | വെജിറ്റബിൾ സീഡ് പാക്കിംഗ് കവർ (Multicolour printed polythene cover) | 4"x6" | 25 Kg |
| | | 5"x8" | 15 Kg |
| | | 3"x4 ½" | 15 Kg |
| 3. | വെർമി കമ്പോസ്റ്റ് പ്രിൻറഡ് കവർ | 2 Kg Cover | 25 Kg |
| | | 4 Kg Cover | 25 Kg |
| 4. | സിപ്പ് അപ്പ് കവർ (LDPE) | 1 ½" x8" | 30 Kg |
| 5. | ഗ്രാഫ്റ്റിംഗ് ഷീറ്റ് (LDPE) | | 25 Kg |
| 6. | പ്രോട്രെയ്സ് | 98 cavities | 250 Nos. |
| | | 50 Cavities | 250 Nos. |

താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ പാക്കിംഗ് മെറ്റീരിയിൽ ലഭ്യമാക്കുന്നതിന് ഒരു കിലോയ്ക്ക് ഇത്ര രൂപ എന്ന് കൃത്യമായി രേഖപ്പെടുത്തിയ ടെൻഡറുകൾ, **നിരതദ്രവ്യം, ടെൻഡർ ഫീസ്, ജിഎസ്ടി** എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് **"പാക്കിംഗ് മെറ്റീരിയിൽ ലഭ്യമാക്കുന്നതിന്റെ ടെൻഡർ"** എന്ന് കവറിനു മുകളിൽ എഴുതി **ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്- 671 314, കാസർഗോഡ് ജില്ല** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതിയും മറ്റ് ചാർജ്ജുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്ക് കൂലിയും, കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

ടെൻഡർ ഫീസ് : രേഖപ്പെടുത്തുന്ന മൊത്തം തുകയുടെ 0.2 %, അടുത്ത 100 രൂപയുടെ ഗുണിതമായി മാറ്റിയത് (ഏറ്റവും കുറന്നത് 400/- രൂപ ഏറ്റവും കൂടിയത് 1500/- രൂപ)

ജി.എസ്.ടി : ടെണ്ടർ ഫീസിന്റെ 18%

നിരതദ്രവ്യം : 2,000/- രൂപ

ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി **05.12.2025 ന് (വെള്ളിയ്യാഴ്ച) ഉച്ചയ്ക്ക് 2 മണി** വരെയാണ് അന്ന് **2.30 മണിക്ക്** തന്നെ ഹാജരുള്ള ടെൻഡറുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും, പൂർണ്ണമല്ലാത്തതുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻ ഡറുകൾ തുറക്കുന്നതായിരിക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.

വിജയിയായ ടെൻഡറുകാരൻ അറിയിപ്പ് കിട്ടി 7 ദിവസത്തിനകം പാക്കിംഗ് മെറ്റീരിയിൽ സ് ലഭ്യമാക്കേണ്ടതാണ്. പാക്കിംഗ് മെറ്റീരിയിൽ എത്തിച്ചു തന്നതിനുശേഷം മാത്രം പ്രതിഫലം നൽകുന്നതാണ്. ശേഷം, സമർപ്പിക്കുന്ന ഇൻവോയ്സിന്റെ തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തരം അനുവദിക്കുന്നതായിരിക്കും. കരാറുകാരൻ ജി.എസ്.ടി നമ്പർ (ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്) ലഭ്യമാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0467 2280616** എന്ന ഫോൺനമ്പറിൽ അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ **www.kau.edu/tenders**-ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**ടെൻഡർ നൽകേണ്ട അവസാന തീയതിയും സമയവും : 05.12.2025 2 മണി**
**ടെൻഡർ തുറക്കുന്ന തീയതിയും സമയവും : 05.12.2025, 2.30 മണി**

**<u>ഉപാധികളും നിബന്ധനകളും:</u>**

1. **www.kau.edu/tenders** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡറിനൊപ്പം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
3. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി (ക്യാഷ് / ടേം ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
4. സാധനങ്ങൾ എത്തിച്ചു തരുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
5. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.
6. സർക്കാർ/സർവകലാശാല ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

**Dr. Sajitha Rani T**

**DEAN**

പകർപ്പ് :-

1. നോട്ടീസ് ബോർഡ് (കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/ കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/ കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ. ബിനിത എൻ കെ., അസിസ്റ്റന്റ് പ്രൊഫെസർ & ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് I- ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ.
7. ശ്രീമതി.. അഞ്ജലി. എ.എസ്. അസിസ്റ്റന്റ് പ്രൊഫെസർ & ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് -II ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ.
8. ശ്രീമതി. രേഖ എം, ഫാം മാനേജർ ഗ്രേഡ്–I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I & II
9. പർച്ചേസ് കമ്മിറ്റി അംഗങ്ങൾ (മെയിൽ മുഖേന)
10. D2 സെക്ഷൻ

**//അംഗീകാരത്തോടെ അയക്കുന്നത്//**

Signed by
Sudhir C
Date: 22-11-2025 10:38:52

**സെക്ഷൻ ഓഫീസർ**